ഇലക്ട്രിസിറ്റി ബോർഡിലെ സി. എൽ. ആർ. എൻ. എം. ആർ. തൊഴിലാളികൾ

* 12. [15] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ സി. എൽ. ആർ., എൻ. എം. ആർ. തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ആരാണ് ഈ റിക്രൂട്ടമെന്റ് നടത്തുന്നത്?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ):

(എ, ബി) സി. എൽ. ആർ. ലേബർ റിക്രൂട്ടമെന്റ് നടത്താറില്ല ഇലക്ട്രിക്കൽ സെക്ഷനുകളിൽ അത്യാവശ്യ ജോലിക്കാർക്ക് കൂടുതൽ ആളുകളെ വേണ്ടിവരുമ്പോൾ ആ ദിവസങ്ങളിലേയ്ക്ക് കാഷ്വൽ റോളിൽ ആവശ്യമുള്ള ജോലിക്കാരെ എടുത്തുപ്പെടുത്താറുണ്ട്. അങ്ങനെ ചെയ്യുന്നതു് അതായതു് സെക്ഷനിലെ ജൂനിയർ എൻജിനീയറാണ്. എൻ. എം. ആർ.-ൽ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതു് ഡിവിഷൻ അടിസ്ഥാനത്തിലാണ്. മറ്റു യോഗ്യതയ്ക്കു പുറമെ സി. എൽ. ആറിലുള്ള ദീർഘകാല പരിചയത്തിനു് പ്രത്യേക പരിഗണന നൽകാറുണ്ട്,

(സി) എൻ. എം. ആർ-ലേക്ക് റിക്രൂട്ടമെന്റ് നടത്തുന്നതു് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയറും സക്കിളിലെ സൂപ്രണ്ടിംഗ് എൻജിനീയറും ബോർഡിലെ പേഴ്സണൽ ആഫീസറും ഉൾപ്പെട്ട ഒരു കമ്മിറ്റിയാണ്.

ശമ്പളപരിഷ്കരണം

* 13. [16] ശ്രീ. പി. കെ. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവണ്മെന്റ് ഈ അടുത്ത കാലത്തു നടപ്പാക്കിയ ശമ്പള പരിഷ്കരണംവഴി സ്റ്റേറ്റിനു് പുതുതായി വഹിക്കേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എന്തു്;

(ബി) ഈ ശമ്പളപരിഷ്കരണം സക്കാർ സബ്സീഡിയുള്ളവരെ സംതൃപ്തരാക്കിയിട്ടില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അസംതൃപ്തിവിഭാഗത്തെ തൃപ്തിപ്പെടുത്തുന്നതിനു് ഇനിയെന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ) 1-7-1968 മുതൽ 31-3-1969 വരെയുള്ള കുടിശ്ശികയിനത്തിൽ നൽകേണ്ട 2·25 കോടി രൂപയും, നടപ്പുവർഷത്തിലേയ്ക്കുള്ള അധികച്ചെലവായ 2·94 കോടി രൂപയുമുൾപ്പെടെ ഈ സാമ്പത്തിക വർഷത്തിൽ മൊത്തം 5·19 കോടി രൂപയുടെ പുതിയ സാമ്പത്തികബാദ്ധ്യത സംസ്ഥാനത്തിനു വഹിക്കേണ്ടിവരും.

(ബി) പല വിഭാഗങ്ങളിൽപ്പെട്ടന്ന ജീവനക്കാരിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരാതികൾ ഗവണ്മെന്റിന്റെ പരിഗണനയിലാണ്.

കേരള ഹൈക്കോടതി ജഡ്ജിമാർ

* 14. [17] ശ്രീ. ഇ. അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയിൽ ഇപ്പോൾ എത്ര ജഡ്ജിമാരുണ്ടു്;

(ബി) അവരിൽ സ്ഥിരം ജഡ്ജിമാരെത്ര;

LIBRARY ARCHIVES Kerala Legislative Assembly